**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1790** **02-02-2024 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റേറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റേറിയം കെട്ടിടത്തിന്റെ മകുടത്തിലെ ചോർച്ച പരിഹരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റേറിയം കെട്ടിടത്തിന്റെ ചോർച്ച പരിഹരിക്കുന്നതുൾപ്പെടെയുള്ള നിർമാണ പ്രവൃത്തികൾ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് ത്വരിതഗതിയിൽ നടത്തി വരുന്നു. |
| (ബി) | ചോർച്ച പരിഹരിച്ച്, വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്ത ഉപകരണങ്ങൾ ഘടിപ്പിച്ച് പ്ലാനറ്റേറിയം എന്നത്തേക്ക് പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | പ്ലാനറ്റേറിയം കെട്ടിടത്തിന്റെ ചോർച്ച പരിഹരിച്ച്, സീറ്റിങ് സ്ട്രക്ചർ, സെർവ്വർ റൂം, എയർ കണ്ടിഷനിംഗ്, കാർപെറ്റ്, സീറ്റ് എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക്, വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്ത ഉപകരണങ്ങൾ ഘടിപ്പിച്ച് ഫയർ ആൻഡ് സേഫ്റ്റി പരിശോധനകൾ പൂർത്തീകരിച്ച് പ്ലാനറ്റേറിയം പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ